സമുദ്ര തീരത്തിനടുത്തായി ന്യൂനമർദ്ദ പ്രദേശങ്ങളിൽ ശാന്തമായ ഒരു കേന്ദ്ര ബിന്ദു ആധാരമാക്കി വളരെ ശക്തിയായി ചുറ്റിയടിക്കുന്ന കാറ്റാണ് ചുഴലിക്കാറ്റ്. ഉത്തരധ്രുവത്തിൽ ഇത് ക്ലോക്ക് വൈസ് ദിശയിലും ദക്ഷിണ ധ്രുവത്തിൽ ആന്റി ക്ലോക്ക് വൈസ് ദിശയിലുമാണ് വീശുന്നത്.

ശക്തമായ കാറ്റിന്റെ അകമ്പടിയോടെ ഉണ്ടാകുന്ന തുടർച്ചയായ മഴ തീരപ്രേദശങ്ങളിലും, ചുഴലിക്കാറ്റ് വീശിയടിക്കുന്ന സ്ഥലങ്ങളിലും വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. ചുഴലിക്കാറ്റ് രൂപപ്പെടാൻ കുറെ സമയം വേണ്ടിവരുമെങ്കിലും ഇതിന്റെ ഫലമായുണ്ടാകുന്ന നാശനഷ്ടങ്ങൾ പെട്ടെന്നാണ് സംഭവിക്കുന്നത്. താഴ്ന്ന മർദ്ദം, ചുഴലിക്കാറ്റിന്റെ ഉത്ഭവം, എന്നിവ അത് തുടങ്ങുന്നതിന് മണിക്കൂറുകൾക്കോ, ദിവസങ്ങൾക്കോ മുമ്പേ കണ്ടുപിടിക്കാൻ പറ്റുമെങ്കിലും എവിടെയാണ് ഇത് ആഞ്ഞടിക്കുക എന്നത് മണിക്കൂറുകൾക്കു മുൻപു മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ചുഴലിക്കാറ്റ്, ആരംഭം മുതൽതന്നെ ശക്തവും നാശനഷ്ടങ്ങൾ ഉണ്ടാക്കാൻ പര്യാപ്തവുമാണ്.



## കേരളത്തിന്റെ ദുരന്തസാദ്ധ്യത

ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബി.എം. ടി.പി. സി. (BMTPC - Building Materials and Technology Promotion Council) തയ്യാറാക്കിയിട്ടുള്ള ദുരന്ത സാദ്ധ്യതാ ഭൂപടത്തിൽ കേരളം ഒരു ബഹുമുഖ ദുരന്താഭിമുഖ്യമുള്ള സംസ്ഥാനമായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

കേരളത്തിലെ മൊത്തം ഭൂപ്രദേശത്തിന്റെ 96.9 ശതമാനവും ശക്തമായ കാറ്റ്/ചുഴലിക്കാറ്റ് ദുരന്ത സാധ്യതാ മേഖലയായി കണക്കാക്കുന്നു. ഈ പ്രദേശത്ത് മണിക്കൂറിൽ 140-158 കിലോമീറ്റർ വേഗത്തിലുള്ള കാറ്റടിക്കാൻ സാധ്യതയുണ്ട്.



- പ്രഥമ ശുശ്രൂഷ കിറ്റും അതിനെക്കുറിച്ചുള്ള ബുക്കും
- കത്തി, കോടാലി, പ്ലാസ്റ്റിക് റോപ്പ് (കയർ), പ്ലയർ, ചെറിയ മൺവെട്ടി


മേൽക്കൂര, വലയും മുളയും ഉപയോഗിച്ച് ബലപ്പെടുത്തുക. ഭിത്തികൾ, തൂണുകൾ, വാതിലുകൾ ജനല

## ചുഴലിക്കാറ്റിനു മുമ്പ്

- ടിവിയിലും റേഡിയോയിലും വരുന്ന കാലാവസ്ഥ വാർത്തകൾ ശ്രദ്ധിക്കുക. അപകട ഭീഷണി അറിയിക്കുന്ന മറ്റു സാമൂഹിക സംവിധാനങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കുക
- ഏറ്റവും അടുത്തുള്ള സുരക്ഷിതസ്ഥാനത്തെ/ സുരക്ഷിതമായ വീടിനെക്കുറിച്ചും അങ്ങോട്ട് എത്താനുള്ള വഴികളെക്കുറിച്ചും മനസിലാക്കുക.

**താഴെപ്പറയുന്നവ ഉൾക്കൊള്ളുന്ന ഒരു എമർജൻസി കിറ്റ് തയ്യാറാക്കി വയ്ക്കുക.**

- പ്രവർത്തന ക്ഷമമായ ഒരു റേഡിയോ, ടോർച്ച്, കുറച്ച് ബാറ്ററികൾ
- ഭക്ഷണ സാധനങ്ങൾ
- തീപ്പെട്ടി, വിളക്കുകൾ, സ്റ്റൗ, പാചകത്തിനുള്ള പാത്രങ്ങൾ, വെള്ളം കയറാത്ത ബാഗ്



യുടെ മൂലകൾ തമ്മിൽ പ്ലാസ്റ്റിക് കയർ കൊണ്ട് ബന്ധിക്കുക.

- ഉണങ്ങിയ മരങ്ങളുടെ കൊമ്പുകൾ വെട്ടിമാറ്റുക, ദുർബ്ബലമായ മരങ്ങൾ മുറിച്ചുമാറ്റുക, തെങ്ങിന്റെയും മറ്റു മരങ്ങളുടേയും ഉണങ്ങിയ ഓലകളും കൊമ്പുകളും മുറിച്ച് ശരിയാക്കുക.
- കാറ്റിൽ പറന്നുപോകാൻ സാധ്യതയുള്ള സാധനങ്ങളെല്ലാം സുരക്ഷിതമായി സൂക്ഷിക്കുക
- കാറ്റ് വീശാൻ സാദ്ധ്യതയുള്ള പ്രദേശമാണെങ്കിൽ ഉയർന്ന സ്ഥലത്തുള്ള ഒരു സ്ഥാനം കണ്ടുപിടിക്കുക.
- രക്ഷപെടേണ്ടിവന്നാൽ നിങ്ങളുടെ ബാങ്ക് പാസ്സ് ബുക്കും, പ്രധാനപ്പെട്ട രേഖകളും ഒരു പ്ലാസ്റ്റിക് ബാഗിലാക്കി കൂടെ എടുക്കുക.
- വിത്തുകൾ, ഭക്ഷ്യധാന്യങ്ങൾ എന്നിവ






പ്ലാസ്റ്റിക് ബാഗിലാക്കി ഭൂമിക്കടിയിൽ കുഴിച്ചിടാൻ പറ്റിയ സ്ഥലങ്ങൾ കണ്ടുപിടിക്കുക.

- അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കാവുന്ന അഡ്രസ്സുകളും ഫോൺ നമ്പറുകലും കുറിച്ചു വെയ്ക്കുക. ഗവൺമെന്റ് ഓഫീസുകളുടേയും, ഏജൻസികളുടേയും (അത്യാവശ്യ ഘട്ടങ്ങളിൽ സഹായിക്കുന്നവ) ഫോൺ നമ്പറുകളും സൂക്ഷിക്കുക

## ചുഴലിക്കാറ്റിനെക്കുറിച്ചുള്ള മുന്നറിയിപ്പു കിട്ടിയാൽ

- എല്ലാ സാധനങ്ങളും വീടിനകത്ത് സൂക്ഷിക്കുക.
- അധികമായി വരുന്ന പച്ചക്കറി, ഗോതമ്പ് മുതലായവ പ്ലാസ്റ്റിക് കവറുകളിലാക്കി തറയിൽ കുഴിയുണ്ടാക്കി അതിൽ സൂക്ഷിക്കുക. പ്ലാസ്റ്റിക് ജാറുകളിലും ടിന്നുകളിലും കുടിവെള്ളം ശേഖരിക്കുക.



- എല്ലാ സാധനങ്ങളും വീടിനകത്ത് സൂക്ഷിക്കുക.
- അധികമായി വരുന്ന പച്ചക്കറി, ഗോതമ്പ് മുതലായവ പ്ലാസ്റ്റിക് കവറുകളിലാക്കി തറയിൽ കുഴിയുണ്ടാക്കി അതിൽ സൂക്ഷിക്കുക. പ്ലാസ്റ്റിക് ജാറുകളിലും ടിന്നുകളിലും കുടിവെള്ളം ശേഖരിക്കുക.

ലുകൾ എന്നിവ സുരക്ഷിതമാണോ എന്നു നോക്കുക, സുരക്ഷിതമല്ലെങ്കിൽ എത്രയും പെട്ടെന്ന് അവ ഉറപ്പുള്ളതാക്കുക. തകിടുകൊണ്ടുള്ള മേൽക്കൂരയാണെങ്കിൽ തകിടിനു കേടില്ലെന്ന് ഉറപ്പാക്കുക. മണ്ണ് കൊണ്ടുള്ള ഭിത്തിയാണെങ്കിൽ, പ്ലാസ്റ്റിക്/ഓല/വൈക്കോൽ/മുള എന്നിവകൊണ്ട് തീർത്ത ചട്ടം ഉപയോഗിച്ച് സംരക്ഷിക്കുക. ഓലമേഞ്ഞ വീടാണെങ്കിൽ മേൽക്കൂര





- ആവശ്യമായ തുണികൾ കരുതുക.
- നിങ്ങളുടെ സമ്പാദ്യത്തിന്റെയും, വീട്ടിലുള്ള സാധനങ്ങളുടേയും ഒരു ലിസ്റ്റ് തയ്യാറാക്കുക.
- നിങ്ങളുടെ ബന്ധുക്കളേയും സുഹൃത്തുക്കളേയും കുറിച്ചുള്ള വിവരം വാളന്റിയർമാരെ അറിയിക്കുക.
- നിങ്ങളുടെ കാറിലും സ്കൂട്ടറിലും ആവശ്യത്തിന് ഇന്ധനം നിറച്ച് ശക്തമായ മേൽക്കൂരക്കു താഴെ സൂക്ഷിക്കുക. ബോട്ട്, വള്ളം എന്നിവ കരുത്തുള്ള പോസ്റ്റിൽ കെട്ടുക. ഇവ മരത്തിനടിയിൽ ആവരുത്. ശക്തിയായ

- അപ്പപ്പോൾ ഉള്ള നിർദ്ദേശങ്ങൾ അറിയുന്നതിനു വേണ്ടി റേഡിയോ, ടിവി എന്നിവ ശ്രദ്ധിക്കുക.
- ശക്തമായ ചുഴലിക്കാറ്റിന്റെ ഭീക്ഷണി ഉണ്ടായാൽ നല്ല ഉറപ്പുള്ള ഒരു വീട്ടിലേയ്ക്ക് മാറുക. അതിഭയങ്കരമായ ചുഴലിക്കാറ്റിന്റെ ഭീഷണി ആണെങ്കിൽ ആ പ്രദേശത്തു നിന്നുതന്നെ നിങ്ങളുടെ കുടുംബാംഗങ്ങളെയും കൂട്ടി, വിലപിടിപ്പുള്ള സാധനങ്ങളും, എമർജൻസി കിറ്റുമെടുത്ത് സുരക്ഷിതമായ സ്ഥാനത്തേക്ക് മാറുക.
- കുട്ടികൾ, പ്രായമായവർ, രോഗികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരെ പ്രത്യേകം ശ്രദ്ധയോടെ നോക്കേണ്ടതാണ്. നിങ്ങളുടെ അത്യാവശ്യഭക്ഷണങ്ങൾ അടങ്ങിയ ബാഗ്, വെള്ളം എന്നിവ എടുക്കാൻ മറക്കരുത്.
- ഈ സമയത്ത് കടലിൽ മീൻ പിടിക്കാൻ പോകരുത്.

## അപകട ഭീഷണി ലഭിച്ചുകഴിഞ്ഞാൽ

- കാറ്റിന്റെ വേഗതയും, കാറ്റ് വീശാൻ സാധ്യതയുള്ള പ്രദേശത്തെയും കുറിച്ചുള്ള വിവരം ലഭിച്ചുകഴിഞ്ഞാൽ ഉടനെ സുരക്ഷിത സ്ഥാനത്തേക്ക് മാറേണ്ടതാണ്. സുരക്ഷിതസ്ഥാനത്തേക്കും, തിരിച്ചും പോകേണ്ട വഴികളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് അപ്പപ്പോൾ റേഡിയോയിലൂടേയും, ടിവിയിലൂടേയും നൽകികൊണ്ടിരിക്കും.
- നല്ല ഷൂസ്/ചെരുപ്പ് ഉപയോഗിക്കുക. കട്ടികൂടിയ വസ്ത്രങ്ങൾ ധരിക്കുക.
- വീട് നന്നായി അടയ്ക്കുക. വൈദ്യുതി, ഗ്യാസ്, വെള്ളം എന്നിവയുടെ കണക്ഷനുകൾ ഓഫ് ചെയ്യുക. എമർജൻസി കിറ്റ് എടുക്കുക.
- ദൂരെയുള്ള സ്ഥലത്തേക്കു പോകുവാൻ ഉദ്ദേശിക്കുന്നെങ്കിൽ വിലപിടിപ്പുള്ള സാധനങ്ങളും

ആവരണങ്ങൾക്കു താഴെയാവണം ഇവ സൂക്ഷിക്കേണ്ടത്. അല്ലെങ്കിൽ മരങ്ങൾ കടപുഴകി വീഴുന്നതുമൂലം ബോട്ട്, വള്ളം എന്നിവ തകർന്നുപോകും.

- ജനലുകൾ കൊളുത്തിട്ടു വെയ്ക്കുക. ഷട്ടറുകൾ താഴ്ത്തി വെയ്ക്കുക. വാതിലുകൾ സുരക്ഷിതമായി അടച്ച ശേഷം നിങ്ങളുടെ വളർത്തുമൃഗങ്ങളോടു കൂടെ അകത്തിരിക്കുക.
- ചൂടു നൽകുന്ന വസ്ത്രങ്ങൾ, മരുന്നുകൾ, വിലപിടിപ്പുള്ള രേഖകൾ, വസ്തുക്കൾ, വെള്ളം, ഭക്ഷണ സാധനങ്ങൾ എന്നിവ പ്ലാസ്റ്റിക് ബാഗിലാക്കി എമർജൻസി കിറ്റിനൊപ്പം എടുക്കുക.

പ്പെടുക. താമസിച്ചാൽ, റോഡിലെ തിരക്കു മൂലം യാത്ര ദുഷ്കരമാകും.

- അടുത്തുള്ള സുരക്ഷിത സ്ഥാനത്തേക്കാണെങ്കിൽ എമർജൻസി കിറ്റും അത്യാവശ്യം സാധനങ്ങളും മാത്രം കൈയ്യിൽ കരുതുക.

## ചുഴലിക്കാറ്റ് വീശുമ്പോൾ

- വൈദ്യുത ഉപകരണങ്ങളുടെ ബന്ധം വിച്ഛേദിക്കുക. ഗ്യാസ് ഓഫ് ചെയ്യുക.
- നിങ്ങളുടെ കെട്ടിടം ചുഴലിക്കാററിൽ ഉലയുകയാണെങ്കിൽ ചാക്കോ, കമ്പിളിയോ കൊണ്ട് സ്വയം മൂടിയശേഷം നല്ല ഒരു മേശയുടെ അടിയിൽ അഭയം പ്രാപിക്കുക. ബലത്തിനായി എവിടെയങ്കിലും മുറുകെ പിടിക്കാവുന്നതാണ്.



- അപ്പപ്പോൾ ഉള്ള വാർത്തകളും നിർദ്ദേശങ്ങളും അറിയുന്നതിന് റേഡിയോ ശ്രദ്ധിക്കുക.
- ശാന്തമായ മനസ്സോടെ കാര്യങ്ങൾ നോക്കി കാണുക. കാറ്റ് നിന്നാലുടൻ ചുഴലിക്കാറ്റ് തീർന്നു എന്നു കരുതരുത്. എതിർദിശയിൽ ഇതിലും ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. അധികാരികൾ അറിയിപ്പ് തരുന്നതുവരെ കാത്തിരിക്കുക.
- വാഹനം ഓടിക്കുകയാണെങ്കിൽ മരങ്ങൾ, കടൽ, വൈദ്യുത കമ്പികൾ, വെള്ളം ഒഴുകുന്ന സ്ഥലങ്ങൾ എന്നിവയ്ക്ക് അകലെ വാഹനം നിർത്തിയിട്ട ശേഷം അതിൽ തന്നെ ഇരിക്കുക.

## കാറ്റിനുശേഷം

അധികാരികൾ അറിയിപ്പ് തരുന്നതുവരെ പുറത്തിറങ്ങരുത്

ഗ്യാസ് ലീക്ക്ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുക

നനഞ്ഞിരിക്കുകയാണെങ്കിൽ ഇലക്ട്രിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കരുത്

നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും റേഡിയോ, ടി വി. ശ്രദ്ധിക്കുക.

നിങ്ങൾക്ക് സുരക്ഷിത സ്ഥാനത്തേക്ക് നീങ്ങേണ്ടതായി വന്നിട്ടുണ്ടെങ്കിൽ അപകട ഭീഷണി തീർന്നു കഴിഞ്ഞാൽ മാത്രമേ മടങ്ങാവൂ. നിർദ്ദേശിക്കപ്പെട്ട വഴികളിൽ കൂടി ശാന്തരായി തിരിച്ചു പോകുക.

പാമ്പുകടിയേൽക്കാൻ സാദ്ധ്യതയുള്ളതിനാൽ കൈയിൽ വടിയോ, മുളയോ കരുതുക.

തകർന്ന വൈദ്യുതി ബന്ധങ്ങൾ, പാലങ്ങൾ, വീടുകൾ, മരങ്ങൾ എന്നിവ ശ്രദ്ധിക്കുക. വെള്ളക്കെട്ടിൽ പോകരുത്.

അപകട മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക, കാഴ്ചകൾ കാണാൻ പോകരുത്.

© Copyright 2012 Manoramaonline. All rights reserved.